# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1903 14.07.2011-ൽ മറുപടിയ്ക്ക്

## പെപ്സി കമ്പനിയുടെ ഭൂജല ഉപയോഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. കെ.എസ്.സലീഖ : | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| എ) | പുതുശ്ശേരിയിലെ പെപ്സി കമ്പനിയുടെ ഭൂജല ഉപയോഗം സംബന്ധിച്ച് പഠനം നടത്താൻ വിദഗ്ധ സമിതിയെ നിയോഗിക്കാൻ ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | എ) | ഉണ്ട്. 23.05.11 ൽ ഡബ്ല്യൂ.പി.(സി) നം. 20695/2010 (ജെ) ലെ ഐ.എ.നം. 6010/2011 വിധി പ്രകാരം പുതുശ്ശേരിയിലെ പെപ്സി കമ്പനിയുടെ ഭൂജല ഉപയോഗം സംബന്ധിച്ച് പഠനം നടത്താൻ ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | ഹൈക്കോടതി ഉത്തരവിനാധാരമായ കേസും, സർക്കാരിന്റെ നിലപാടും വിശദമാക്കാമോ; | ബി) | പെപ്സി കമ്പനിയുടെ ജലചൂഷണത്തിനെതിരെ പൊതുജനങ്ങളുടെപരാതിയുടെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഭൂജല വകുപ്പ് ഒരു പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ കമ്പനിയുടെ ഭൂജല ഉപഭോഗം പ്രതിദിനം 2.34 ലക്ഷം ലിറ്ററാക്കി നിജപ്പെടുത്താനും, ഭൂജല പരിപോഷണത്തിനും ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ ഇതിനെതിരെ പെപ്സി കമ്പനി ബഹു.ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് ഹൈക്കോടതി നിർദ്ദേശ പ്രകാരം പെപ്സി കമ്പനി സമർപ്പിച്ച സാങ്കേതിക റിപ്പോർട്ടിൽ വിശദമായ വിശകലത്തിനുശേഷം ഗവൺമെന്റ് ഉത്തരവ് ജി.ഒ. (എം.എസ്) നം. 13/2011/ ജലവിഭ തീയതി 26.02.11 ഇറക്കുകയുണ്ടായി. ടി ഉത്തരവ് പ്രകാരം കമ്പനിയുടെ ഭൂജല ഉപഭോഗം 2.34 ലക്ഷം |

| | | | |
|---|---|---|---|
| | | | ലിറ്ററായി നിജപ്പെടുത്തുകയുണ്ടായി. ഇതിനെതിരെ വിക്കുകയുണ്ടായി. അതുവരെ കമ്പനിക്ക് 6 ലക്ഷം ലിറ്റർ ജലം ഉപയോഗിക്കാമെന്നും ബഹു.ഹൈക്കോടതി വിധിക്കുകയുണ്ടായി.<br>ഭൂജലവകുപ്പിന്റെ പഠനത്തിനു ശേഷം നിർദ്ദേശിച്ച ശുപാർശകളൊന്നും പാലിക്കപ്പെട്ടിട്ടില്ലാത്തതിനാലും, പഠനം നടക്കുമ്പോഴുള്ള അവസ്ഥ തന്നെ തുടരുന്നതിനാലും തൽക്കാലം ഒരു പഠനത്തിന്റെ ആവശ്യകതയില്ലെന്നാണ് സർക്കാരിന്റെ നിലപാട്. |
| സി) | സമിതി ഏതു തീയതിക്കകം കോടതിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതായിട്ടുണ്ട്; ഗവ. സമിതിയെ നിയോഗിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ടോ; സമിതി അംഗങ്ങൾ ആരൊക്കെയാണ്; | സി) | ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവിന്റെ തീയതി മുതൽ മൂന്നു മാസത്തിനകമാണ് സമിതി റിപ്പോർട്ട് സമർപ്പിക്കേണ്ടത്. ബഹു.ഹൈക്കോടതി 23.05.2011-ലാണ് പ്രസ്തുത ഇടക്കാല വിധി പുറപ്പെടുവിച്ചത്. ഗവൺമെന്റ് സമിതിയെ നിയമിച്ചിട്ടില്ല. |
| ഡി) | പ്രതിദിനം എത്ര ലക്ഷം ലിറ്റർ ഭൂജലം പെപ്സി കമ്പനി ഉപയോഗിച്ചു വരുന്നുണ്ട്; കോടതി തൽക്കാലികമായി അനുമതി നൽകിയത് എത്ര ലക്ഷം ലിറ്റർ ഭൂജലം ഉപയോഗിക്കാനാണ്? | ഡി) | പ്രതിദിനം പെപ്സി കമ്പനി 6 ലക്ഷം ലിറ്റർ ഭൂജലം ഉപയോഗിച്ചു വരുന്നുണ്ട്. ബഹു.ഹൈക്കോടതി താൽക്കാലികമായി 6 ലക്ഷം ലിറ്റർ ഭൂജലം ഉപയോഗിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ